"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 15/02/2024 തീയതിയിലെ 3(1), 29/02/2024 തീയതിയിലെ 3(1) എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1547/2024/LSGD    തീയതി,തിരുവനന്തപുരം, 19-08-2024

---

പരാമർശം:- 1. ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 15/02/2024 തീയതിയിലെ 3(1) നമ്പർ തീരുമാനം.

2. ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 29/02/2024 തീയതിയിലെ 3(1) നമ്പർ തീരുമാനം.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2024-ലെ LSGD/PD/15562/2024-REV3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ 1/187 D നമ്പർ വ്യവസായികാവശ്യത്തിനുള്ള കെട്ടിടത്തിൽ Packaged Drinking Water Unit ന്റെ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനായി നിയമാനുസൃത രേഖകൾ സഹിതം ശ്രീ.രതീഷ് കുമാർ ശേഖരത്ത് എന്നവർ ഗ്രാമപഞ്ചായത്ത് അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി ഫാക്ടറി പ്രവർത്തനക്ഷമമായാൽ കാളാച്ചാല് പ്രദേശത്ത് കുടിവെള്ള ക്ഷാമത്തിനും ജലമലിനീകരണത്തിനും കാരണമായിത്തീരുമെന്നുള്ള പ്രദേശവാസികളുടെ ശക്തമായ പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകേണ്ടതില്ലെന്ന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു.

2) കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ച് കെ-സ്വിഫ്റ്റ് മുഖേന സമർപ്പിച്ച അപേക്ഷ നിരസിക്കുന്നത് നിയമപരമല്ലാത്തതിനാൽ പരാമർശം 1 തീരുമാനം പുന:പരിശോധിക്കണമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 233-ാം വകുപ്പ് (ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം), ഉപവകുപ്പ് (3) പ്രകാരം

സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എത്രയും വേഗം അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടേയോ വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റേയോ സ്ഥാപിക്കലോ യന്ത്രസാമഗ്രികളുടേയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത് അപേക്ഷയും സെക്രട്ടറിയുടേയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടേയും റിപ്പോർട്ടുകൾ പരിഗണിച്ചശേഷം കഴിയുന്നതും വേഗം അപേക്ഷ കിട്ടിയ തീയതി മുതൽ 30 ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള അനുവാദം പൂർണ്ണമായോ അല്ലെങ്കിൽ അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായോ നൽകേണ്ടതും, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ള സംഗതികളിൽ ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം നിരസിക്കുന്നതിന് നിയമപരമായി പഞ്ചായത്തിന് അധികാരം ഇല്ലാത്തതുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), പരാമർശം (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191 (2) (1) -ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 21-08-2024 14:13:21

സെക്ഷൻ ഓഫീസർ

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ആലംകോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I/ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ& പി,ആർ, വെബ് ആന്റ് ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർസി3/218/2024/തസ്വഭവ).